www.kssia.com

# KSSiA NEWS

വ്യവസായ മാസിക

kssianews@gmail.com

e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. NOVEMBER 2025. ₹5.00

VOL. 12 - ISSUE NO.04 - DATE OF PUBLICATION 25 TH NOVEMBER, 2025 - REGN. NO. KERBIL/2005/23143 - TOTAL PAGES: 28



2026 സ്പെഷ്യൽ എഡിഷൻ

India International INDUSTRIAL EXPO
2026 JANUARY 16 17 18
ADLUX INTERNATIONAL CONVENTION CENTRE
KOCHI | KERALA | INDIA

# വ്യവസായം തുടങ്ങുവാൻ, വിപുലീകരിക്കുവാൻ ആഗ്രഹിക്കുന്നുവോ?

# ലോകോത്തര ഫെൻസിംഗ്
# സൊലൂഷൻ
# ഒരു വിളിപ്പാടകലെ
# TATA WIRON




**കരുത്തുറ്റ സംരക്ഷണം ഉറപ്പാക്കുവാൻ**
**വിളിക്കൂ : 9388 476 400**

MODERN DISTROPOLIS
Authorized Distributor

**Modern Distropolis Ltd**
AP IX/78B Modern Industrial Complex Cheppur
Anakkayam P.O. Malappuram (DT) 676509
www.moderndistropolis.com

Ph: **0483-2782354** | Mob : **+91 9388 476 400**

TATA WIRON
#StrengtheningTomorrow

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com



**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
Joseph Paikada
Kannur. ✆ 94972 24422
✉ josephpaikada@gmail.com

**State Vice Presidents**
P. J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Jayakrishnan B.
Idukki. ✆ 94473 30569
✉ jayakrishnantoyo@yahoo.co.in

**State Joint Secretaries**
M.S. Anaz
Alappuzha. ✆ 98470 42743
M.M. Mujeeb Rahiman
Ernakulam. ✆ 94477 36134
Anvar.K.V.
Malappuram. ✆ 93499 35511

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
Joseph Paikada..... ✆ 94972 24422
Rajesh. G ........... ✆ 98957 03837
Thomas Mathew.. ✆ 80756 59942
Eshaque K.......... ✆ 98470 08185
Dr. K.M. Khalid.. ✆ 94460 34576

**Publisher**
A. Nizarudeen
✆ 94477 10078

**Printer**
Rajesh G.
✆ 98957 03837

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538


## ഉള്ളടക്കം


➢ **എഡിറ്റോറിയൽ:**
ഇന്ത്യ ഇൻറർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ മഹാ വ്യവസായി സംഗമം.................3

➢ **പ്രസിഡൻഷ്യൽറിപ്പോർട്ട്:**
ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ ടോപ്പ് അച്ചീവർ സ്ഥാനത്തേയ്ക്ക് കേരളം രണ്ടാമതും ഒന്നാം സ്ഥാനം കൈവരിക്കുകയാണ്..................5

➢ **വോയിസ് ഓഫ് ജനറൽ സെക്രട്ടറി:**
സംരംഭകർക്കുള്ള മൂലധന സബ്സിഡി സമയ ബന്ധിതമായി നൽകണം. സബ്സിഡിയ്ക്ക് തുല്യമായ തുക സർക്കാർ ഗ്യാരന്റിയിൽ ബാങ്ക് വായ്പ എടുക്കാൻ അനുവദിക്കണം....................7

➢ **ജി.എസ്.ടിലെ രണ്ടാംഘട്ട മാറ്റങ്ങൾ**
ജി.എസ്.ടിലെ രണ്ടാംഘട്ട മാറ്റങ്ങൾ...................8

➢ **ജില്ലാ യൂണിറ്റ് അഡ്രെസ്സ് ലിസ്റ്റ്** ........................11

➢ **ഇക്കോണമി പരിസ്ഥിതി സൗഹൃദ സംരംഭങ്ങൾക്ക് സഹായവുമായി കേന്ദ്രസർക്കാർ**.......................................................13

➢ **വ്യവസായ പുരോഗതിയിൽ കേരളം മുന്നേറുന്നു**...........................................................19

➢ ഗ്രൂപ്പ് ഗ്രാവിറ്റി ഇൻഷുറൻസ്.............................23


➢ **ജില്ലാ വാർത്തകൾ**..........................................25



**KSSiA NEWS**
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION - NOVEMBER 2025 - ₹5.00


# എഡിറ്റോറിയൽ

## ഇന്ത്യ ഇൻറർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ മഹാ വ്യവസായി സംഗമം



കേരളം വളരുന്നു വ്യവസായവും. കേരളമാകെ വികസനത്തിന്റെ അധ്വാനശക്തി വ്യാപിച്ചുകൊണ്ടിരിക്കുന്നു. വ്യവസായ സൗഹൃദത്തിൽ വീണ്ടും കേരളം ഒന്നാം സ്ഥാനത്തിന്റെ ഉയരത്തിൽ എത്തി നിൽക്കുന്നു. സർക്കാരുകൾ താങ്ങും സഹായവും സഹകരണവുമായി വ്യവസായികൾക്കൊപ്പം ഉണ്ട്. വ്യവസായവുമായി ബന്ധപ്പെട്ട കേന്ദ്ര കേരള സംസ്ഥാന സർക്കാരുകളുടെ വിവിധ 41 കമ്മറ്റികളിൽ നമുക്ക് പ്രാതിനിധ്യം ഉണ്ട്. ഇനിയും വ്യവസായ വളർച്ചയുടെ പല പടവുകൾ നാം പിന്നിടേണ്ടതുണ്ട്.

പ്രകൃതിരമണീയമായ നമ്മുടെ കേരളത്തിൻറെ ദൃശ്യഭംഗി വിനോദസഞ്ചാരികളുടെ ശക്തമായ ആകർഷണമാണ്. സഞ്ചാരികളുടെ ലോകത്തിലെ പത്തു പറുദീസകളിൽ ഒന്ന് കൊച്ചു കേരളത്തിലെ കൊച്ചിയാണ്. ഇവിടെയാണ് നമ്മുടെ സംഘടന ഇന്ത്യ ഇൻറർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ ജനുവരി 16, 17, 18 തീയതികളിലും 17 ാം തീയതി വ്യവസായികളുടെ മഹാ സംഗമവും അങ്കമാലി അഡ്‌ലസ് ഇൻറർനാഷണൽ കൺവെൻഷൻ സെൻറർ, കൊച്ചിയിൽ നടക്കുന്നത്.

നമ്മുടെ ഇന്ത്യ ഇന്റർനാഷണൽ എക്സ്പോയിൽ, നിലവിലുള്ള എല്ലാ വ്യവസായികളേയും വ്യവസായം തുടങ്ങാൻ ഉദ്ദേശിക്കുന്നവരെയും സന്തോഷത്തോടെ ക്ഷണിക്കുന്നു. വ്യവസായിക മേഖലയിലെ അറിവും അനുഭവമുള്ള വിദഗ്ധരും എത്തുന്നുണ്ട്.

നാടിന്റെ വളർച്ചയ്ക്കായി, വ്യവസായത്തിന്റെ ഉയർച്ചയ്ക്കായി നമ്മുടെ സംഘടന കഴിയുന്നത്ര സജീവമായി പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ നാട്ടിലെ വിദ്യാസമ്പന്നരായ നല്ല വൈദഗ്ദ്ധ്യവും സ്കില്ലും ഉള്ള യുവാക്കളുടെ സ്വപ്നം വിദേശ ജോലിയും ഉയർന്ന ശമ്പളവും ആണ്. അവരെ തൊഴിൽ നൽകുന്നവരും ശമ്പളം കൊടുക്കുന്നവരും ആക്കേണ്ടതുണ്ട്. അവരെ നാട്ടിൽ തന്നെ ഉറപ്പിച്ചു നിർത്തേണ്ടതും നാടിന്റെ ആവശ്യമാണ്, നാടിന്റെ വളർച്ചയാണ്.

അത്തരം വളർച്ചയ്ക്കായി വ്യവസായികളിൽ ഒത്തൊരുമയോടെ ഉള്ള ഒരു കൂട്ടായ്മ ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിനായുള്ള ആശയവിനിമയത്തിന്റെ ഏക വഴിയാണ് നമ്മുടെ മുഖ മാസിക. ഒരുമയും സഹകരണവും സജീവമാക്കാനുള്ള തീവ്രശ്രമത്തിലാണ്. ഇപ്പോൾ നമ്മുടെ മുഖ മാസിക കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം ഉത്പാദക മേഖലയിലെ സകല ഉത്പാദക യൂണിറ്റുകൾക്കും ഈ ലക്കം സൗജന്യമായി അയക്കുന്നുണ്ട്. അതിൽ ഇന്ത്യ ഇൻറർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയിലേക്കുള്ള പ്രവേശന പാസും ഉൾപ്പെടുത്തിയിട്ടുണ്ട്. വരുക അഭിപ്രായങ്ങളും ആശയങ്ങളും പങ്കിടാം. അനുബന്ധിച്ചുള്ള വ്യവസായികളുടെ മഹാ സംഗമത്തിൽ എല്ലാ വ്യവസായികളേയും സന്തോഷത്തോടെ ക്ഷണിക്കുന്നു.


എം എസ് എം ഇ സെക്ടറിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഉൽപാദകർക്കും ഈ സംഘടനയിൽ അംഗങ്ങളാകാം നമ്മുടെ മുഖപത്രത്തിൽ വ്യവസായ വിഷയങ്ങളാണ് പ്രധാനം. വ്യവസായികളുടെ സംശയങ്ങൾക്ക് വിദഗ്ധർ ഉത്തരം നൽകുകയും പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്ന ഒരു പംക്തിയുണ്ട്. അത് വ്യവസായികൾക്ക് ഏറെ സഹായകരമായ ഒന്നാണ്.

**അംഗത്വമെടുക്കാം,**
**മാസികയിൽ വരിക്കാരാകാം**
**പരസ്യം നൽകാം**

**സഹകരണ പ്രതീക്ഷയോടെ,**
**സ്നേഹപൂർവ്വം**
**എസ്. സലിം**
**ചീഫ് എഡിറ്റർ**


durashine®
TATA BLUESCOPE STEEL
ആകർഷകമായ പുതിയ
ബാംബൂ പ്രൊഫൈലുമായി
Durashine
Kgs.
100% AL-Zn COATING
Upto 3 times Stronger
4 times Longer Life
Reduces Inside Temperature upto 5°C
Leak Proof Performance
Appealing Aesthetics
MODERN DISTROPOLIS
Authorized Distributor
Ph : 0483 - 278 2354
Mob : 9387 67 11 22
Modern Distropolis Ltd
AP IX/78B Modern Industrial Complex Cheppur
Anakkayam P.O. Malappuram (DT) 676509
www.moderndistropolis.com

# ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ ടോപ്പ് അച്ചീവർ സ്ഥാനത്തേയ്ക്ക് കേരളം രണ്ടാമതും ഒന്നാം സ്ഥാനം കൈവരിക്കുകയാണ്.



### പ്രസിഡൻഷ്യൽ റിപ്പോർട്ട്

കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷന്റെ സംസ്ഥാന പ്രസിഡന്റ് എന്ന നിലയിൽ, കേരളത്തിന് ലഭിച്ച അത്യധികം അഭിമാനകരമായ നേട്ടത്തിൽ എന്റെയും സംഘടനയുടെയും പേരിലുള്ള ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ അറിയിക്കുന്നു.ബഹുമാനപ്പെട്ട വ്യവസായ മന്ത്രി ശ്രീ. പി. രാജീവ് അവർകൾക്കും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വ്യവസായ വകുപ്പിനും, ഈ നേട്ടത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാ ഉദ്യോഗസ്ഥർക്കും അഭിനന്ദനങ്ങൾ! ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് (**Ease of Doing Business**) റാങ്കിംഗിലെ മുന്നേറ്റം: കേരളത്തിന്റെ വളർച്ചയുടെ സൂചന, കേന്ദ്ര വ്യവസായ വാണിജ്യ മന്ത്രി ശ്രീ. പീയൂഷ് ഗോയലിൽ നിന്ന് ഡൽഹിയിൽ വെച്ച് വ്യവസായ വകുപ്പു മന്ത്രി പുരസ്കാരം ഏറ്റുവാങ്ങിയ വിവരം സന്തോഷകരമാണ്.'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' (Business Reforms Action Plan+Reduction of Compliance Burden) 2024 പട്ടികയിൽ കേരളം ഏറ്റവും ഉയർന്ന ശ്രേണിയിൽ എത്തി എന്നത് സംസ്ഥാനത്തിന്റെ വ്യവസായിക രംഗത്തെ പരിഷ്കരണങ്ങൾ ശരിയായ ദിശയിലാണ് സഞ്ചരിക്കുന്നതെന്നതിന് തെളിവാണ്.

## ഇതിന്റെ പ്രാധാന്യം:

1. **നിക്ഷേപകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു:** ഈ അംഗീകാരം കേരളത്തിൽ വ്യവസായം തുടങ്ങാനും നിലനിർത്താനും എളുപ്പമാണ്എന്ന സന്ദേശം നൽകുന്നു. ദേശീയ തലത്തിലും അന്താരാഷ്ട്ര തലത്തിലും ഇത് കൂടുതൽ നിക്ഷേപകരെ ആകർഷിക്കാൻ സഹായിക്കും.

2. **റെഗുലേറ്ററി പരിഷ്കാരങ്ങളുടെ വിജയം:** 'Reduction of Compliance Burden' (നിയമപരമായി പാലിക്കപ്പെടേണ്ട കാര്യങ്ങളുടെ ഭാരം കുറയ്ക്കൽ) എന്നതിലെ മുന്നേറ്റം സൂചിപ്പിക്കുന്നത്, ലൈസൻസുകൾ, അനുമതികൾ, പരിശോധനകൾ തുടങ്ങിയവ ലളിതമാക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങൾക്ക് ഫലം കണ്ടു എന്നാണ്.

3. **സുതാര്യതയും കാര്യക്ഷമതയും:** ഓൺലൈൻ സംവിധാനങ്ങളുടെ ഉപയോഗം, സിംഗിൾ വിൻഡോ ക്ലിയറൻസ് തുടങ്ങിയ പരിഷ്കാരങ്ങൾ നടപടിക്രമങ്ങളിൽ സുതാര്യതയും, സമയബന്ധിതമായി കാര്യങ്ങൾ പൂർത്തിയാക്കാനുള്ള കാര്യക്ഷമതയും ഉറപ്പുവരുത്തിയിട്ടുണ്ട്.

4. **സംരംഭക സൗഹൃദ അന്തരീക്ഷം:** സംസ്ഥാന സർക്കാർ നടപ്പാക്കിയ സംരംഭക വർഷംപോലുള്ള പദ്ധതികൾക്കും, ചെറുകിട ഇടത്തരം വ്യവസായങ്ങളെ (MSMEs) പിന്തുണയ്ക്കുന്ന നയങ്ങൾക്കും ഈ നേട്ടം കൂടുതൽ ഊർജ്ജം പകരും.

## ഭാവിയിലേക്കുള്ള കാഴ്ചപ്പാട്:

(ഈ നേട്ടം ഒരു തുടക്കം മാത്രമാണ്)

**ഇനി നമ്മൾ ശ്രദ്ധിക്കേണ്ടത്:**

* അടിസ്ഥാന സൗകര്യ വികസനം: വ്യവസായങ്ങൾക്കാവശ്യമായ റോഡ്, തുറമുഖം, വൈദ്യുതി, ഡാറ്റാ കണക്റ്റിവിറ്റി തുടങ്ങിയ

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ തുടർന്നും ശ്രദ്ധ കേന്ദ്രീകരിക്കണം.

* നൈപുണ്യ വികസനം (Skill Development): വ്യവസായങ്ങളുടെ ആവശ്യം അനുസരിച്ചുള്ള തൊഴിലാളികളെ വാർത്തെടുക്കുന്നതിൽ കൂടുതൽ പരിശീലന പരിപാടികൾ നടപ്പിലാക്കുക.

* സ്ഥിരതയാർന്ന നയം: നിലവിലെ സംരംഭക സൗഹൃദ നയങ്ങൾ നിലനിർത്തുകയും, കാലോചിതമായി മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. രാജ്യത്തെ ഏറ്റവും മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റാനുള്ള സർക്കാരിന്റെ ശ്രമങ്ങൾക്ക് വ്യവസായ അസോസിയേഷന്റെ പൂർണ്ണ പിന്തുണ ഞങ്ങൾ ഉറപ്പു നൽകുന്നു.



കേരളത്തിന്റെ വളർച്ചയിൽ ഞങ്ങൾക്കും പങ്കാളികളാകാൻ സാധിക്കുന്നതിൽ അഭിമാനമുണ്ട്. സർക്കാരിന്റെ പരിഗണനയിൽ ഇരിക്കുന്ന ഫയർ പോളിസി അടിയന്തിരമായി ഉത്തരവായി ഇറക്കണമെന്ന് കെ.എസ്.എസ്.ഐ.എ സംസ്ഥാന പ്രസിഡന്റ് സർക്കാരിനോട് അഭ്യർത്ഥിച്ചു.

ഒരിക്കൽ കൂടി അഭിനന്ദനങ്ങൾ!
സ്നേഹത്തോടെ,

**എ. നിസാറുദ്ദീൻ**



കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷനിലെ അംഗങ്ങൾക്കും ആശ്രിതർക്കും 20% ഡിസ്കൗണ്ട് നിരക്കിൽ ചികിത്സ സൗകര്യം. ഇതിനെ സംബന്ധിച്ച **KSSIA** സംസ്ഥാന സംഘടന കൊച്ചിയിലെ ആസ്റ്റർ മെഡിസിറ്റി ആശുപത്രിയുമായി ഒരു ധാരണ പത്രത്തിൽ ഒപ്പുവെച്ചു

**കൂടുതൽ വിവരങ്ങൾക്ക്:**

വിജയ് വിൻസെന്റ്
കോ ഓർഡിനേറ്റർ ആസ്റ്റർ മെഡിസിറ്റി
ഫോൺ : 8111998204

കെ. എസ്. എസ്. ഐ. എ
മാനേജർ
ഫോൺ : 9496360300

# KSSIA അംഗങ്ങൾക്ക് ആസ്റ്റർ മെഡിസിറ്റിയിൽ നിന്നും മിതമായ നിരക്കിൽ ചികിത്സ സൗകര്യം



# സംരംഭകർക്കുള്ള മൂലധന സബ്സിഡി സമയബന്ധിതമായി നൽകണം. സബ് സിഡിയ്ക്ക് തുല്യമായ തുക സർക്കാർ ഗ്യാരന്റിയിൽ ബാങ്ക് വായ്പ എടുക്കാൻ അനുവദിക്കണം.

## വോയിസ് ഓഫ് ജനറൽ സെക്രട്ടറി

പുതിയ സംരംഭകരെ ആകർഷിക്കുന്നതിന് ഒരു പ്രോത്സാഹന സഹായ പദ്ധതി എന്ന നിലയിൽ സർക്കാർ പ്രഖ്യാപിച്ച ഒരു സാമ്പത്തിക ആനുകൂല്യ പദ്ധതിയാണ് എന്റർപ്രണേഴ്സ് സപ്പോർട്ട് സ്കീം (ഇ.എസ്.എസ്.) ഒരു സംരംഭകന്റെ പ്രാരംഭഘട്ടത്തിലുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിനുള്ള ഒരു സഹായ പദ്ധതിയാണിത്. നിക്ഷേപകർ മുടക്കുന്ന മൂലധന നിക്ഷേപത്തിന്റെ 15 ശതമാനം മുതൽ 30 ശതമാനം വരെ സാമ്പത്തിക ആനുകൂല്യം ഈ പദ്ധതിമൂലം ലഭിക്കും. ഈ ആനുകൂല്യം കൂടി പ്രതീക്ഷിച്ചാണ് സംരംഭകർ വ്യവസായത്തിലേയ്ക്ക് കടന്നുവരിക. സംരംഭം തുടങ്ങി ഉത്പ്പാദനം ആരംഭിച്ചു (ഒരു വർഷം) കഴിഞ്ഞാൽ സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യത്തിന് അപേക്ഷിക്കാം. എന്നാൽ ഈ സബ്സിഡി ആനുകൂല്യത്തിനെ ആശ്രയിച്ച് വ്യവസായ സംരംഭം തുടങ്ങിയവർക്ക് സമയാസമയത്തിനുള്ളിൽ സർക്കാർ വാഗ്ദാനം ചെയ്ത സബ്സിഡി ആനുകൂല്യം ലഭിക്കുന്നില്ലെന്നുള്ളതാണു വസ്തുത. അപേക്ഷിച്ച് വർഷങ്ങളോളം കാത്തിരുന്നാലും സബ് സിഡി തുക ലഭിക്കാറില്ല. ഇതുമൂലം സംരംഭകൻ സാമ്പത്തികമായി ബുദ്ധിമുട്ടി വായ്പകൾ തിരിച്ചടയ്ക്കാതെ ആരംഭഘട്ടത്തിൽ തന്നെ സ്ഥാപനം പീഡിതമാകുകയോ, അടച്ചുപ്പൂട്ടൽ ഭീഷണി നേരിടുകയോ ചെയ്യുന്ന ഒരു അവസ്ഥ നിലവിലുണ്ട്. വർഷങ്ങളോളം കാത്തിരുന്ന ആയിരക്കണക്കിനു സംരംഭകരുടെ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാതെ വ്യവസായ വകുപ്പിൽ കെട്ടികിടക്കുന്ന ഒരവസ്ഥയാണ് നിലവിലുള്ളത്. സബ്സിഡി അപേക്ഷകൾ ബന്ധപ്പെട്ട കമ്മിറ്റികൾ പാസ്സാക്കിയാലും ഫണ്ടിന്റെ അഭാവം മൂലം കൊടുത്തു തീർക്കാനും സാധിക്കാതെ വരുന്ന അവസ്ഥ നമ്മുടെ മുൻപിലുണ്ട്. സർക്കാർ നൽകിയ വാഗ്ദാനം സമയാസമയങ്ങളിൽ പാലിക്കപ്പെടുന്നതിനും സംരംഭകർക്ക് നിശ്ചിത സമയത്തുതന്നെ സബ്സിഡി തുക ലഭിക്കുന്നതിനുമുള്ള ഒരു സംവിധാനം സർക്കാർ ആലോചിക്കേണ്ടതാണ്.

വ്യവസായ വകുപ്പിൽ ലഭിച്ച സബ്സിഡി അപേക്ഷകളിൽ ഉടനടി തീർപ്പുകൽപ്പിക്കുകയും, തീർപ്പുകൽപ്പിച്ചവർക്ക് പാസ്സായ സബ്സിഡി ലഭിക്കുന്നതിന് സംരംഭകർക്കു സബ്സിഡിയ്ക്കു തുല്യമായ തുക വായ്പ്പ എടുക്കാൻ സർക്കാർ അനുവദിക്കുകയും, അങ്ങിനെ ഈ വായ്പ്പയ്ക്കു ബാങ്ക് ഗ്യാരന്റി നൽകുന്ന ഒരു പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകണം. ഇത് സംരംഭകരുടെ ധനകാര്യ സ്ഥാപനങ്ങളിലുള്ള ബാധ്യതയിൽ വരവു വയ്ക്കുകയോ സംരംഭകന് ലഭ്യമാകുകയോ ചെയ്യണം. ഈ കാലയളവിൽ വരുന്ന പലിശ സർക്കാർ സബ്സിഡിയായി നൽകണം. ഇങ്ങനെ ചെയ്യുകയാണെങ്കിൽ വ്യവസായികൾക്ക് സമയാസമയങ്ങളിൽ സർക്കാർ വാഗ്ദാനം ചെയ്ത സബ്സിഡി ലഭ്യമാകുകയും ചെയ്യും. ഇങ്ങനെ ഒരു പദ്ധതി പ്രഖ്യാപിക്കാൻ വ്യവസായി കളുടെ സംഘടനയായ KSSIA വ്യവസായ വകുപ്പി നോടും സർക്കാരിനോടും അഭ്യർത്ഥിക്കുന്നു..

**ജോസഫ് പൈകട**
**ജനറൽ സെക്രട്ടറി**



**ഡോ. (അഡ്വ.) കെ.എസ്. ഹരിഹരൻ**
B.Com, LLB, MBA, LLM, Phd
ജി.എസ്.റ്റി.& സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ

**മുൻ ലക്കം തുടർച്ച........**




# ജി.എസ്.ടിലെ രണ്ടാംഘട്ട മാറ്റങ്ങൾ സ്വദേശീയ വികസനത്തിന്റെ പരീക്ഷണങ്ങൾക്കുമപ്പുറത്തേയ്ക്ക്

ഇത്തരത്തിലുള്ള ബിസിനസ്സ് പ്ലാനിങ്, ഫിനാൻസ് പ്ലാനിംഗ് പുതിയ സംരംഭകരിൽ പ്രത്യേകിച്ച് വിദ്യാസമ്പന്നരായ യുവാക്കളിൽത്തന്നെ ഉണ്ടാകുന്നുണ്ട്.അത്തരം സാമ്പത്തിക ആനുകൂല്യങ്ങൾ എല്ലാ ബിസിനസുകാരും ഉപയോഗിക്കണം. തന്റെ കോംപറ്റീറ്റർ ഇത്തരം ആനുകൂല്യം എടുത്ത് ലാഭം കൂടുതൽ നേടുമ്പോൾ തനിക്ക് പിടിച്ചുനിൽക്കാൻ തന്നെ ബുദ്ധിമുട്ടുന്ന അവസ്ഥവരും. ആയതിനാൽ എല്ലാത്തരം ആനുകൂല്യങ്ങളെക്കുറിച്ച് പഠിച്ച്, പ്രത്യേകിച്ച് നികുതി മേഖലയിലെ ആനുകൂല്യങ്ങൾ മനസ്സിലാക്കിയാൽ ഒരു പ്രോഡക്റ്റ് ഉണ്ടാക്കാൻ വേണ്ടി ചിലവാക്കുന്ന തുക കുറയുന്നു. നികുതി റീഫണ്ടുകൾക്ക് സമയപരിധി നിർബന്ധിതമാക്കുമ്പോൾ റീഫണ്ട് ആപ്ലിക്കേഷൻ കൊടുത്ത് ഏഴ് പ്രവർത്തിദിവസങ്ങൾക്കകം കിട്ടുമെന്ന് വരുമ്പോൾ സംരംഭകർക്ക് വലിയ ആശ്വാസമാണ്. ഇത്ര ദിവസത്തിന് മുൻപ് തുക ലഭിക്കുമല്ലോ എന്ന ഉറപ്പിന്മേൽ അവർക്കു പണമായി ബന്ധപ്പെട്ടിട്ടുള്ള പല കാര്യങ്ങളും പ്ലാൻ ചെയ്യാൻ സാധിക്കും, പ്രത്യേകിച്ചും ക്യാഷ്ഫ്ളോ. ഇങ്ങനെ ലഭിക്കുന്ന തുക കൊണ്ട് അവർ വീണ്ടും സാധനങ്ങൾ വാങ്ങുന്നു. അത് കച്ചവട മേഖലകളിൽ പതിന്മടങ്ങു രീതിയിൽ പ്രതിഫലിക്കുന്നു. വെറും 10 ലക്ഷം രൂപ പ്രതിമാസം ഇൻവേർഡ് സപ്ലൈയിൽ ഒരാൾക്ക് 1,05,000 രൂപ കിഴിവ് കിട്ടി. ഒരു കോടി ആണ് ഇൻവേർഡ് സപ്ലൈ തുക എങ്കിൽ അത് പത്തു ലക്ഷത്തി അമ്പതിനായിരം രൂപയുടെ അടുത്ത് ആകില്ലേ. ഈ പറഞ്ഞ ബിസിനസുകാരന്റെ വർക്കിംഗ് ക്യാപിറ്റൽ അത്രയും തുക കൂടി എടുത്ത് പലവട്ടം ബിസിനസിന് വേണ്ടി റോൾ ചെയ്യാൻ അല്ലെങ്കിൽ ഉപയോഗിക്കാൻ പറ്റും.അതിന്റെ പ്രതിഫലനം എത്രയോ ഇരട്ടിയായിരിക്കും. ഈ തുക പലതവണ മാർക്കറ്റിൽ കറങ്ങുന്നു. മാത്രവുമല്ല പർച്ചേസ് വാല്യൂ കൂടുന്നതനുസരിച്ച് സപ്ലൈയർ കൂടുതൽ ഇളവുകൾ പർച്ചേസർക്ക് കൊടുക്കുന്നു. ഇങ്ങനെ പലതട്ടിൽ ഒരു ചെറിയ റേറ്റ് ഓഫ് ടാക്സിന്റെ ആനുകൂല്യം സമയബന്ധിതമായി നടപ്പാക്കുമ്പോൾ ബിസിനസിന്റെ സാമ്പത്തിക പ്ലാനിങ്ങിൽ പ്രകടമായ മാറ്റങ്ങൾ ഉണ്ടാകുന്നു. ഇതിന്റെ അന്തിമഫലം നമ്മൾ ഉദ്ദേശിക്കാത്ത തലങ്ങളിൽ അനുകൂലമാവുകയും, മറ്റു പല തരത്തിലും ഇത്തരം നികുതി മാറ്റങ്ങൾ ഗുണം ചെയ്യും. ഇത് സാമ്പത്തിക രംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിച്ചെന്നും വരാം.

മറ്റൊരു ഉദാഹരണം നോക്കാം. ഒരു വ്യക്തി സിമന്റ് വാങ്ങിച്ചു തന്റെ സ്ഥാപനം റിപ്പയറിങ് വർക്സ് നടത്താൻ തീരുമാനിച്ചു എന്ന് കരുതുക. ജി. എസ് ടി. മാറ്റങ്ങൾക്ക് മുൻപ്, അതായത് 21.09.2025 വരെ സിമന്റിന്റെ ജി.എസ്.ടി. നിരക്ക് 28 ശതമാനമായിരുന്നു. ഇരുപത്തിയെട്ടു ശതമാനമായിരുന്നപ്പോൾ നാനൂറ് രൂപ ഒരു സിമന്റ് ബാഗിന്റെ പർച്ചെയ്സ് തുകയും, 28% ജി.എസ്.ടി.-യും കൂടി ചേരുമ്പോൾ സിമന്റിന്റെ ആകെത്തുക 512 രൂപയാണ്. 22.09.2025 ആയപ്പോഴോ, അതേ സിമന്റ് 400 + ജി.എസ്.ടി. (18%) 72 അങ്ങനെ 472 രൂപയ്ക്ക് വിലകുറയുന്നു. ഒരു സിമന്റ് ബാഗിൽ നിന്നും മാത്രം 40 രൂപ വില കുറഞ്ഞിരിക്കുന്നു. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ, അദ്ദേഹത്തിന്റെ മനസ്സിൽ റിപ്പയറിംഗ് ഒന്നും വേണ്ട പകരം റീമേയ്ക്ക് ചെയ്യാം എന്ന ചിന്ത ഉടലെടുത്തേക്കാം. പത്ത് ചാക്ക് സിമന്റ് വാങ്ങി റിപ്പെയർ ചെയ്യാമെന്ന ചിന്ത മാറി റീമേയ്ക്ക് ചെയ്യാൻ ഒരു ലോഡ് സിമന്റ് തന്നെ വരുത്തി നല്ല രീതിയിൽ റീമേയ്ക്ക് ചെയ്യാൻ ആ വ്യക്തിയ്ക്ക് പ്രേരണ നല്കുന്ന ഒരു ഘട്ടം നികുതി കുറവിൽ ഉണ്ടാകുന്നുണ്ട്.

അദ്ദേഹം കൈയിലിരുന്ന കാശോ അല്ലെങ്കിൽ ബാങ്കിൽ നിന്ന് ലോണോ എടുത്ത തുകകൊണ്ട് സിമന്റും അതിന്റെ അനുബന്ധ സാമഗ്രികളും വാങ്ങും. അതിൽ ഒരുമുപ്പതോ നാല്പതോ ശതമാനം തുക ലേബർചാർജ്ജ് ആയിട്ട് മേയ്സൺ, കാർപെന്റർ, എൻജിനീയറിംഗ് മേഖലയിലുള്ള വർക്കേഴ്സ്, ഇലക്ട്രീഷൻ, പ്ലംബർ, പെയിന്റർ, ഹെൽപ്പേഴ്സ് തുടങ്ങിയ തൊഴിലാളികൾക്ക് കൊടുക്കും. ട്രാൻസ്പോർട്ട് ഇനത്തിൽ പല വാഹനക്കാർക്കും കൊടുക്കും. ഈ തുകകൾ എല്ലാം തിരിച്ച് മാർക്കറ്റിലേക്ക് വരുന്നു. അവരുടെ ഒക്കെ purchase capactiy കൂടുമ്പോൾ കടകളിൽ സെയിൽസ് കൂടുന്നു, ഫണ്ട് ഒഴുകുന്നു. അങ്ങനെ ഒഴുകുമ്പോൾ, ജിഎസ്ടി യിലെ ചെറിയ നിരക്ക് മാറ്റം പോലും വലിയ *Turnover* ലേക്കും വലിയ 'ഫണ്ട് ഇൻഫ്ളോയിലേക്കും' ഫലപ്രദമായി വർദ്ധിക്കുന്നു. അതായത് മാത്തമാറ്റിക്സിൽ രണ്ടും ഒന്നും കൂട്ടിയാൽ (2+1 =3) മൂന്ന് എന്ന് പറയാമെങ്കിലും സാമ്പത്തികമായി പലവട്ടം ക്യാഷ്ഫ്ളോ മാർക്കറ്റിൽ പല രീതിയിൽ റോളിങ്ങ് ചെയ്യുമ്പോഴും, അത് പല രീതിയിൽ വിനിയോഗം ചെയ്യുമ്പോഴും രണ്ടിന്റെ മൂന്നുതവണത്തെ ഗുണിതങ്ങളായി എട്ട് എന്ന നിലയിലേക്ക് ('2X2X2=8') കാണേണ്ടതുണ്ട്. അങ്ങനെ വരുമ്പോൾ '2X2X2=8' , അത് 5 മടങ്ങാണെങ്കിലോ, '8 X2 =16 & 16 X2 =32'. അതായത് രണ്ടും ഒന്നും കൂട്ടിയാൽ മൂന്ന് ( 2+1 =3) എന്ന നിലയിൽ നിന്നും മാറി 'ക്യാഷ്ഫ്ളോ' 32 തവണ വരെ വന്നാൽത്തന്നെ അത്ഭുതപ്പെടേണ്ടതില്ല. മറ്റൊരുവിധത്തിൽ കണക്കാക്കിയാൽ 2 രൂപയുടെ പ്രതിഫലനം 32 ഇരട്ടി വരെ ഉണ്ടാകാൻ ശക്തനാണ്.

അങ്ങനെ പലവട്ടം മറിക്കുന്ന ഫണ്ട്, മാർക്കറ്റിൽ പല രീതിയിൽ വ്യാപനം ചെയ്യുമ്പോൾ ബാങ്കുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ, സർവീസ് മേഖലയിലുള്ള മറ്റു സ്ഥാപനങ്ങൾ, പലചരക്ക് കടക്കാരൻ മുതൽ പല മേഖലകളിലും ഫണ്ടിന്റെ ഒഴുക്ക് നല്ല രീതിയിൽ വരും. മാർക്കറ്റിൽ ഫണ്ട് വരികയും പോകുകയും അത് പലവട്ടം ആവർത്തിക്കുകയും ചെയ്യുമ്പോൾ സാമ്പത്തിക രംഗം ഉണരുന്നു. സാമ്പത്തിക ഇടപാടുകൾ പതിന്മടങ്ങ് ആകുന്നു. ബിസിനസ് രംഗം ഫലഭൂയിഷ്ടമാകുന്നു. ബിസിനസ് മേഖലയിലുള്ളവർ തിരക്കുള്ളവരാകുന്നു.ഒരു ബിസിനസ് മേഖല മറ്റു പലതരം ബിസിനസ് മേഖലകളേയും നിലനിർത്തുന്നു, വലുതാക്കുന്നു. ഇങ്ങനെ എല്ലാം കൂടിച്ചേരുന്ന ഒരുതരം 'ബിസിനസ് അഗ്രഗോൺ' പ്രതീതി, അവിടെയുണ്ടാക്കുന്ന മൊത്തത്തിലുള്ള ചലനം പ്രതീക്ഷകൾക്ക് വളരെയപ്പുറം ആയിരിക്കും. എല്ലാ ശക്തികളും കൂടി ഒരു പോയിന്റിൽ കേന്ദ്രീകരിക്കുന്നത് പോലെ ബിസിനസ് രംഗത്തെ എല്ലാ ഘടകങ്ങളും കൂടി ഒരേ പോയിന്റിൽ കേന്ദ്രീകരിക്കുമ്പോൾ ഉണ്ടാകുന്ന സമഗ്രമായ കുതിപ്പ് ശരിയായ രീതിയിൽ ഉപയോഗിക്കാൻ സർക്കാരുകൾ ഉൾപ്പടെയുള്ള സമൂഹത്തിന് കഴിഞ്ഞാൽ സാമ്പത്തിക രംഗത്തെ വിസ്മയിപ്പിക്കുന്ന സംഭവങ്ങൾക്ക് ഇത് സാക്ഷിയാകും. കാര്യങ്ങൾക്കൊരു സ്ഥിരത വരികയുംചെയ്യും. ഇവയെല്ലാം നല്കുന്ന കോൺഫിഡൻസ് നമ്മൾ വിചാരിക്കുന്നതിലും അപ്പുറമാണ്. ഉയർച്ചയുടെ നവസംരംഭക ലോകമാണ് നമ്മുടെ നാടിനു നൽകുന്നത്.




Since 1992
Diamond paints
ISO 9001-2015 CERTIFIED COMPANY
+91 9656 80 10 85, +91 9497 45 10 92
KANNUR
www.diamondpaintsindia.com
“സംഭവം കളറാണ്”
Diamond
INTERLOCKS
+91 9656801082
+91 7559081093


ORACLE
LIFTS AND ESCALATORS
Oracle Lift & Escalators
DUBAI
RKM BUILDING,
HOR AL ANZ, DUBAI, UAE
Tel:
+971 42720769
+971 549908926
BANGALORE
NO. 134/1, 134/2, 1ST FLOOR,
B BLOCK, BRIGADE TECH PARK,
PATTANDUR AGRAHARA ROAD,
BENGALURU,
BENGALURU URBAN,
KARNATAKA, STATE CODE: 29
POSTAL CODE: 560066
Tel: +91 87145 06777
KERALA
KANHANGAD
BADAKKAN SHOPPING COMPLEX,
NEAR MANZOOR HOSPITAL
ATHINHAL KANHANGAD, KASARGOD
Tel: +91 9567176662
KOCHI
DOOR NO CC66/2877(41/766)
SECOND FLOOR,
CP UMMER ROADERNAKULAM
Tel: +91 8714506777
Email: info@oracleelevators.com
Web: www.oracleelevators.com


Wellply®
BWP (710 Grade Plywood)
IS 303 MR/BWR Grade Plywood
100% Calibrated
NARAYANAN T P
Managing Director
100% calibrated
35 Years of Trust
GUARANTEE 31 YEARS GUARANTEE
SKY GROUP
Factory at Mayyil Road, Padikkunnu, Mullakkody (P.O), Kannur, Kerala
Office: Hotel Sky Palace, Thavakkara, Kannur
+91 9388772293 | +91 9544956565 wellply99@gmail.com

# KSSIA District Unit Adress List

1 **Trivandrum**
Kelvin Tower, T. C. 14/2134, Meads Lane, Palayam, Trivandrum 695034,
Ph:9447141091, Email - kssiatvmdc@gmail.com
Shri.Pradeep Kumar.C.S, Mob: 9447141091
Dr.Prem Kumar, Mob: 9037284309

2 **Kollam**
Opp.Sankar Nagar, T.B. Road, Kollam-1.
Ph: 0474-2748271.Mob: 8590051533
E-mail: kssiakollam@gmail.com
Shri. Jawahar. M, Mob – 9446418227

3 **Pathanamthitta**
C.V.P.Diamond Plaza,Muthoor, Thiruvalla
E-mail: kssiapta@gmail.com
Shri. Reji V Samuel Mob – 9847239777
Shri. Philip K John Mob – 9744779196

4 **Alappuzha**
Vadakkal.P.O,Punnappra North, Alappuzha-688 003
Ph :9847230058 , Email : kssiaalappuzha@gmail.com
Shri. V.K Harilal Mob – 9847230058
Shri. A.Mujeeb Rahman Mob- 9995915888

5 **Idukki**
Room No. 148, Ist Floor Adamstar, Thodupuzha-685584
Ph: 9446501178, E-mail: kssiaidk@gmail.com
Shri. Sunil Vazhuthalakkattu Mob – 9447214955
Shri. Jobi Cherian Mob – 9447466129

6 **Kottayam**
Municipal Industrial Estate, Kodimatha,
Kottayam-686 013, Ph: 0481-2567570,
Mob : 9496413081 E-mail: ktymkssia@gmail.com
Website: www.kssiakottayam.com
Shri. Dileep Kumar Mob – 9447105134
Shri. Jose Thomas Mob – 9447137289

7 **Eranakulam**
Unit, III Floor, Penta Estate, Palarivattom, Kochi-682 025.
Ph: 0484-2333428. Mob : 9745559100
E-mail: kssia@kssiaekm.com Website: www.kssiaekm.com
Shri. Tom Thomas Mob- 9447711014
Shri. N.A. Anise, Mob – 9447576637

8 **Thrissur**
KSSIA Bldg IInd Floor, Opp. Devamatha Church,
Thiruvampady.P.O, Patturackal, Thrissur-680022
Mob : 8078955514 E-mail : kssiatrisur@gmail.com
Website: www.kssiatcr.com
Shri. Philip A Mulakkal Mob – 9847049802
Shri. Noby Joseph Mob – 9349760014

9 **Palakkad**
Kozhikode Byepass Road,Koppam,Palakkad-678 001.
Ph: 0491-2544860,Mob : 8078054860
E-mail: kssiapkd@rediffmail.com
Shri. K. Devadas Mob – 9447308532
Shri.Sunil Joseph Mob- 9447753312

10 **Malappuram**
Vyavasaya Bhavan, Indl. Estate, Court Road, Manjeri,
Malappuram – 676 121 Ph: 0483-2760883,
Mob : 7510507060 E-mail: kssiampm@yahoo.com
Shri. Abdul Kareem. A.P Mob – 9447748090
Shri. Mujeeb Rahman. K.P Mob- 9447848239

11 **Kozhikode**
Gandhi Road, Kozhikode-11. E-mail: kssiaclt@gmail.com
Mob : 8547361332, Web : www.kssiacalicut.com
Shri. E shaque Kalathingal Mob – 9847008185
Shri. Arun Kumar Mob – 9447143959

12 **Wayanad**
Byepass Road ,Kalpetta,Wayanad Ph : 9946610200,
Email : kssiawyd2020@gmail.com
Shri. P.D Suresh Kumar Mob – 9447219260
Shri. Mathew Thomas Mob, 9048413565

13 **Kannur**
Vyavasaya Bhavan, Opp. Govt. Training School,
Kannur-670 002. Ph: 0497-2768230, Mob:9497600665,
E-mail: kssiakannur@yahoo.com,
Shri. C. Abdul Kareem Mob - 9446544454
Shri. T.P. NarayananMob – 9387219003

14 **Kasargod**
SIDCO Industrial Estate,
Vidyanagar P.O., Kasargod-671123
Ph: 04994-255319., mob: 8075395440,
E-mail: kssiaksd@gmail.com
Shri. S. Rajaram Mob – 9447211239, 9447984093
Shri. K.A. Mujeeb Mob – 9447704477

**Scan Me !**


Walkaroo
INDIA'S NO.1 POLYURETHANE FOOTWEAR
Walk. Walk. Walk.
Walk with
വാക്കറൂ
ഇതാണ്
കംഫർട്ടിന്റെ
ബോസ്
*MRP (inclusive of all taxes) mentioned is price per pair, For sizes - Gents (06X10), Ladies (04X09) & Kids (08X10, 11X13). # Based on sales volume
SOFT
WGE53241 | ₹779.00*
WC8844 | ₹329.00*
WGR16001 | ₹649.00*
Available in all
Leading Retail Stores
walkarooin
walkarooIN
walkaroo.in



# ഇക്കോണമി പരിസ്ഥിതി സൗഹൃദ സംരംഭങ്ങൾക്ക് സഹായവുമായി കേന്ദ്രസർക്കാർ

വിഭവങ്ങളുടെ ഉപയോഗം കാര്യക്ഷമമാക്കുക, പരിസ്ഥിതിക്ക് ഉണ്ടാകുന്ന ആഘാതം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിവരുന്ന ഒരു പദ്ധതിയാണ് ഇത്. സർക്കുലർ ഇക്കോണമി എന്നാൽ ഉപയോഗിക്കൂ വലിച്ചെറിയൂ, എന്നതിന് പകരം പുനർ ഉപയോഗിക്കൂ, റിപ്പയർ ചെയ്ത് ഉപയോഗിക്കൂ എന്നാണ് അർത്ഥമാക്കുന്നത്. റീസൈക്കിൾ, റിപ്പയർ എന്നിവയാണ് സർക്കുലർ ഇക്കോണമിയുടെ പ്രത്യേകത. ഇത്തരത്തിൽ വരുന്ന സൂക്ഷ്മ ചെറുകിട സംരംഭകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിരിക്കുകയാണ് കേന്ദ്ര വ്യവസായ മന്ത്രാലയം. എം.എസ്.എം.ഇ സ്കീം ഫോർ പ്രമോഷൻ ഓഫ് ഇൻവെസ്റ്റ്മെന്റ് ഇൻ സർക്കുലർ ഇക്കോണമി (MSME scheme for promotion of investment in circular economy)(MSc spice) എന്നതാണ് പദ്ധതിയുടെ പേര്. ഈ പദ്ധതി കേന്ദ്രസർക്കാരിന്റെ സൂക്ഷ്മ ചെറുകിട വ്യവസായ മന്ത്രാലയം നടപ്പാക്കിവരുന്ന ഒന്നാണ്.

**ലക്ഷ്യങ്ങൾ :-**

- Reduce (കുറയ്ക്കുക) ഗുണമേന്മ കുറയ്ക്കാതെ തന്നെ വിഭവങ്ങൾ പരമാവധി കുറച്ച് ഉപയോഗിക്കുക.
- Re - use ( പുനർ ഉപയോഗം) വിഭവങ്ങളുടെ ഉപഭോഗ കാലാവധി വർദ്ധിപ്പിച്ചു കൊണ്ടേയിരിക്കുക.
- Re - Cycle (പുന:ചക്രമണം) ഉപയോഗശൂന്യമായവ തള്ളിക്കളയാതെ പുതിയ ഉത്പന്നങ്ങളായി വീണ്ടും വീണ്ടും ഉപയോഗിക്കുക.

സമ്പത്ത് വ്യവസ്ഥയുടെ വികസനം പരിസ്ഥിതി സൗഹൃദ അന്തരീക്ഷം നിലനിർത്തിക്കൊണ്ടുതന്നെ ഉണ്ടാക്കുക എന്നുള്ളതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. SIDBI യാണ് ഇതിന്റെ നിർവഹണ ഏജൻസി.

**പദ്ധതി ആനുകൂല്യങ്ങൾ:-**

50 ലക്ഷം രൂപ വരെ ചെലവ് വരുന്ന പ്ലാന്റ്, മെഷിനറി എന്നിവയുടെ നിക്ഷേപത്തിൽ 25% സബ്സിഡിയായി നൽകുന്നു. 12.5 ലക്ഷം രൂപയാണ് സബ്സിഡി പരമാവധി നൽകുക.

**അർഹത:-**

- രാജ്യത്തിനകത്ത് പ്രവർത്തിച്ചുവരുന്ന ഉദ്യം രജിസ്ട്രേഷനുള്ള സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾ ആയിരിക്കണം.
- വായ്പാ ബന്ധിത മൂലധന സബ്സിഡി ആയതിനാൽ വായ്പ എടുക്കുന്ന സംരംഭകർക്ക് മാത്രമേ ആനുകൂല്യം ലഭിക്കൂ.
- വായ്പ കാലാവധി കുറഞ്ഞത് മൂന്നുവർഷം ഉണ്ടായിരിക്കണം
- 2023- 24 മുതൽ 2026- 27 വരെയാണ് പദ്ധതിക്ക് പ്രാബല്യം ഉണ്ടാകുക.

ഇനി പറയുന്ന മേഖലകളിൽ വരുന്ന സംരംഭങ്ങൾക്കാണ് ഇത് പ്രകാരമുള്ള സബ്സിഡി ആനുകൂല്യങ്ങൾ ലഭിക്കാനുള്ള അർഹതയുള്ളത്. പ്ലാസ്റ്റിക്, റബ്ബർ, ഇലക്ട്രോണിക് വേസ്റ്റ്,മുനിസിപ്പൽ ഖര/ ജല മാലിന്യങ്ങൾ, മർദ്ദിത ബയോഗ്യാസ്, ലിഥിയം ബാറ്ററികൾ, കാലാവധി കഴിഞ്ഞ വാഹനങ്ങൾ, സ്ക്രാപ്പ് മെറ്റൽ, സോളാർ പാനലുകൾ, ജിപ്സം ഉൽപ്പന്നങ്ങൾ, അപകടകരമായ വ്യവസായ മാലിന്യം എന്നിവയെ കേന്ദ്രീകരിച്ചുള്ള സംരംഭങ്ങൾക്കാണ് ആനുകൂല്യങ്ങൾ ലഭിക്കുക.

ഇതു പ്രകാരം മൂന്ന് ഘടകങ്ങൾ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തുന്നു. അതിനായി ഇനി പറയുന്ന തുകകൾ വകയിരുത്തിയിട്ടുണ്ട്.

1) വായ്പ ബന്ധിത മൂലധന സബ്സിഡി 450 കോടി.

2) ബോധവൽക്കരണ പരിപാടികൾ 15 കോടി.

3) വിവരം, പഠനം, ആശയ വിനിമയം എന്നിവയ്ക്ക് 7.50 കോടി. പ്രസ്തുത വായ്പകൾ **SIDBI** വഴി അപേക്ഷിക്കണം.

കേന്ദ്ര വ്യവസായ മന്ത്രാലയത്തിന് വേണ്ടി സിഡ്ബിയാണ് പദ്ധതി നടപ്പിലാക്കുന്നത് **SIDBI** യുടെ വെബ്സൈറ്റിൽ കയറിയാൽ വിശദമായ വിവരങ്ങൾ ലഭിക്കും. അതനുസരിച്ച് വേണം അപേക്ഷ തയ്യാറാക്കി സമർപ്പിക്കാൻ.

സംസ്ഥാന സർക്കാർ ഇ എസ് ജി പോളിസി നടപ്പിലാക്കാൻ തയ്യാറെടുക്കുന്ന ഈ സമയത്ത് കേന്ദ്ര പദ്ധതികളുടെ പ്രാധാന്യം വളരെ വലുതാണ്.

**ടി എസ് ചന്ദ്രൻ**
മുൻ ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്

www.iiie.in


# ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ


16 | 17 | 18 JAN 2026

ADLUX INTERNATIONAL CONVENTION CENTRE
KOCHI | KERALA | INDIA



500+ STALLS | 30,000+ PRODUCTS | 50,000+ VISITORS





KSSIA THE KERALA STATE SMALL INDUSTRIES ASSOCIATION | METRO mart | MSME | DEPARTMENT OF INDUSTRIES & COMMERCE

# വ്യവസായി മഹാസംഗമം

**17 JAN 2026**

## iiie India International INDUSTRIAL EXPO

## EV & Green Energy India Expo 2026

**ADLUX INTERNATIONAL CONVENTION CENTRE | KOCHI | KERALA | INDIA**





For more details ........ info@iiie.in

+91 99477 33339, 99951 39933, 94963 60300

# Kerala Leads India in Ease of Doing Business-Again

KSIDC

- Recognised nationally in the 'Fast Movers' category
- Achieved 99.92% completion of reforms
- Retains its position as a Best Performer
- Strong progress in business-centric and citizen-centric reforms
- A State built on transparency, efficiency & investor confidence



# Invitation

പ്രിയ വ്യവസായി സുഹൃത്തെ,

താങ്കൾക്ക് കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻറെ അഭിവാദ്യങ്ങൾ!

കേന്ദ്രസംസ്ഥാന സർക്കാരുകളുടെ പിന്തുണയോടെ കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷനും, വ്യവ്യസായ വാണിജ്യ വകുപ്പും മെട്രോമാർട്ടും ചേർന്നൊരുക്കുന്ന ഇന്ത്യ ഇൻറർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയുടെ രണ്ടാം പതിപ്പ് IIIE 2026 എന്ന പേരിൽ ജനുവരി 16, 17, 18 തിയ്യതികളിൽ അങ്കമാലി അഡ്‌ലക്സ് ഇൻറർനാഷണൽ കൺവെൻഷൻ സെൻററിൽ വെച്ച് നടക്കുകയാണ്. മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ് തുടങ്ങിയവരടക്കമുള്ള രാഷ്ട്രീയ പ്രമുഖർ, വ്യവസായ രംഗത്തെ ഉന്നതർ തുടങ്ങിയവരുടെ സാന്നിദ്ധ്യവും കൊണ്ടും സ്റ്റാളുകളുടെ വൈവിധ്യം കൊണ്ടും അന്താരാഷ്ട്ര പ്രദർശനമേളയുടെ അനുഭൂതി തൽകുന്ന തരത്തിലും 2024ലെ ആദ്യ പതിപ്പിനെ കവച്ചു വെക്കുന്ന രീതിയിലുമാണ് *IIIE* 2026 സംഘാടനം പ്ലാൻ ചെയ്തിട്ടുള്ളത്.

മൂന്ന് ദിവസത്തെ എക്സ്പോയിൽ 17ാം തീയതി അയ്യായിരത്തിലധികം വ്യവസായികൾ പങ്കെടുക്കുന്ന വ്യവസായി മഹാസംഗമം, ഉൽപാദന മേഖലക്ക് പ്രാമുഖ്യം നൽകി നിർമ്മാണ സാങ്കേതിക വിദ്യ, ഓട്ടോമേഷൻ, റോബോട്ടിക്സ്, വിവിധ തരം യന്ത്രങ്ങൾ. സൗരോർജ്ജ സാങ്കേതിക വിദ്യകൾ തുടങ്ങിയവയുടെ പ്രദർശനം, സെമിനാർ, ഉൽപന്നങ്ങളുടെ ലോഞ്ചിങ് സെഷൻ, പാനൽ ചർച്ചകൾ എന്നിവയുണ്ടാകും.

നിങ്ങളുടെ സംരംഭത്തെ/ ആശയത്തെ അടുത്ത ലെവലിൽ എത്തിക്കാൻ മികച്ച ഒരു പ്ലാറ്റ്ഫോം ആയിരിക്കും ഇത്. സ്റ്റാൾ ബുക്ക് ചെയ്തും സന്ദർശകരായും ഇതിന്റെ ഭാഗമാവാൻ നിങ്ങളെ ക്ഷണിക്കുകയാണ്. നിങ്ങളുടെ സാന്നിദ്ധ്യവും സഹകരണവും ഉണ്ടാവുമെന്ന പ്രതീക്ഷയോടെ,

എ. നിസാറുദ്ദീൻ
സ്റ്റേറ്റ് പ്രസിഡന്റ്

---

**VIP PASS**

## You Are Invited

India International INDUSTRIAL EXPO

EV & Green Energy India Expo 2026

**16 17 18 JAN 2026**

Adlux International Convention Centre
Kochi, Kerala, India
10.00 AM - 06.00 PM

**DELEGATE REGISTRATION**

Name : ..............................

Organization : ..............................

District : ..............................


Mobile Number : ..............................

Email : ..............................

ORGANIZERS

SCAN QR
for Registration


51ST
YEAR CELEBRATION
Best compliments from:
Ajith Ashok
JASOS
CHAIRS
SINCE1974
JASOS
CHAIRS
Manufacturers of:
Cinema Theatre Chairs
Home Theatre Chairs
Recliners
Slider Push back Sofas
Auditorium Chairs
Seminar Hall Chairs
JASOS TRADERS
Industrial Developement, Plot No.3, 11 & 12,
Mundakkal, Kollam, Kerala-691001.
www.jasoschairs.com, E-mail: jasoschairs@gmail.com
0474- 2760048, 8137872073, 9447072073
The Best Seating Experience





### നൂറു നിക്ഷേപ പദ്ധതികൾ നിർമ്മാണ ഘട്ടത്തിലേക്ക്

# വ്യവസായ പുരോഗതിയിൽ കേരളം മുന്നേറുന്നു

കേരളത്തിന്റെ വ്യാവസായിക മേഖല ഇന്ന് അഭൂതപൂർവമായ വളർച്ചയുടെ പാതയിലാണ്. സംസ്ഥാന വ്യവസായ വകുപ്പ് ഫെബ്രുവരിയിൽ സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ തുടർനടപടികളിലൂടെ, നിക്ഷേപകരെ ആകർഷിക്കുന്നതിലും പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിലും സംസ്ഥാനം ദേശീയതലത്തിൽ തന്നെ ശ്രദ്ധേയമായ മുന്നേറ്റം കൈവരിച്ചിരിക്കുന്നു. താൽപര്യപത്രം ഒപ്പിട്ടവയിൽ നൂറ് നിക്ഷേപ പദ്ധതികൾ ഇതിനോടകം നിർമ്മാണ ഘട്ടത്തിലേക്ക് പ്രവേശിച്ചു. വ്യവസായ സൗഹൃദ അന്തരീക്ഷം ഉറപ്പാക്കാനുള്ള സർക്കാരിന്റെ പ്രതിബദ്ധതയുടെയും നയപരമായ പരിഷ്കാരങ്ങളുടെയും ഫലമായാണ് ഈ റെക്കോർഡ് നേട്ടം കൈവരിക്കാനായത്. സംസ്ഥാനത്ത് 35,111/- കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരാനും അര ലക്ഷത്തോളം പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഇതുവഴി സാധിക്കും.

കഴിഞ്ഞ കുറച്ച് മാസങ്ങളായി സംസ്ഥാനം കൈവരിച്ച നേട്ടം പ്രഖ്യാപനങ്ങളിൽ ഒതുങ്ങുന്നതല്ല. അത് യാഥാർത്ഥ്യത്തിലേക്ക് മുന്നേറുന്ന കാഴ്ചയാണ് കാണാനാകുന്നത്. രാജ്യത്തെ സംരംഭക ലോകം കേരളത്തെ പ്രതീക്ഷയോടെ നോക്കി കാണാൻ തുടങ്ങിയിരിക്കുന്നു. രാജ്യത്ത് ആദ്യമായാണ് ഇത്രയും കുറഞ്ഞ സമയത്തിനുള്ളിൽ നൂറ് പദ്ധതികൾ നിർമ്മാണം തുടങ്ങുന്നത്. വ്യവസായ രംഗത്ത് 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' മെച്ചപ്പെടുത്തുന്നതിൽ കേരളം എത്രത്തോളം മുന്നോട്ട് പോയി എന്നതിന്റെ വ്യക്തമായ സൂചനയാണിത്. ഈ മുന്നേറ്റത്തിന്റെ പശ്ചാത്തലത്തിൽ, 2031- ഓടെ കേരളത്തെ ഒരു വികസിത സംസ്ഥാനമായി പരിവർത്തനം ചെയ്യാൻ ലക്ഷ്യമിട്ടുള്ള ബൃഹത്തായ വ്യവസായ വികസന നയരേഖ കൂടിസർക്കാർ അവതരിപ്പിച്ചു. കേരളത്തിന്റെ സാമ്പത്തിക ഭാവിയെക്കുറിച്ചുള്ള വ്യക്തമായ ദിശാബോധം നൽകുന്നതിന് ഈ നയരേഖ സഹായകരമാകും.

ആലുവയിൽ നിർമ്മാണം തുടങ്ങിയ എൻഡിആർ സ്പെയ്സിന്റെ വെയർഹൗസിങ് ആന്റ് ഇൻഡസ്ട്രിയൽ പാർക്കാണ് ഈ പട്ടികയിലെ നൂറാമത്തെ സ്ഥാനം കരസ്ഥമാക്കിയത്. നിക്ഷേപക സംഗമത്തിൽ ഒപ്പുവെച്ച 449 താൽപര്യപത്രങ്ങളിൽ, ഭൂമി ലഭ്യമായ 276 പദ്ധതികൾ പരിഗണിക്കുമ്പോൾ, 36.23% പദ്ധതികൾ താൽപര്യപത്രത്തിൽ നിന്ന് നേരിട്ട് നിർമ്മാണ ഘട്ടത്തിലേക്ക് കടന്നിരിക്കുന്നു. ഈ ഉയർന്ന 'പരിവർത്തന നിരക്ക്' കേരളത്തിന്റെ വ്യാവസായിക ചരിത്രത്തിലെ നാഴികക്കല്ലാണ്. നിർമ്മാണത്തിലിരിക്കുന്ന 100 പദ്ധതികളിലായി സംസ്ഥാനത്തേക്ക് ഒഴുകിയെത്തുന്നത് 35,111 കോടി രൂപയുടെ വൻ നിക്ഷേപമാണ്.ഇത് കേവലം കോടികളുടെ കണക്കല്ല, മറിച്ച് 49,732 പേർക്ക് വലിയ പ്രതീക്ഷകൾ നൽകുന്ന തൊഴിലവസരങ്ങൾ കൂടിയാണ് സൃഷ്ടിക്കുന്നത്.

പദ്ധതി നിർവ്വഹണം വേഗത്തിലാക്കാൻ സർക്കാർ 22 നയപരിഷ്കാരങ്ങൾ നടപ്പിലാക്കി. ഏകജാലക സംവിധാനം കൂടുതൽ കാര്യക്ഷമമാക്കിയതും, നിക്ഷേപകർക്ക് പ്രത്യേക പരിഗണന നൽകാൻ തദ്ദേശവകുപ്പിൽ രൂപം നൽകിയ ടാസ്ക് ഫോഴ്സും നിർണ്ണായകമായി. ഇറ്റലിയിൽ നിന്നുള്ള അനിമേഷൻ കമ്പനി മുതൽ പ്രമുഖ ലോജിസ്റ്റിക് ഭീമൻമാർ വരെ കേരളത്തിൽ പ്രവർത്തനം തുടങ്ങി കഴിഞ്ഞു. അദാനി ലോജിസ്റ്റിക് പാർക്ക്, വാക്സിൻ രംഗത്തെ പ്രമുഖ കമ്പനിയുടെ ലൈഫ് സയൻസ് സംരംഭം, പ്രമുഖ ഹെൽത്ത് കെയർ ശൃംഖലയുടെ പുതിയ ആശുപത്രികൾ തുടങ്ങിയവയെല്ലാം നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളിൽ ഉൾപ്പെടുന്നു. ടൂറിസം, ഐടി, ഭക്ഷ്യ സംസ്കരണം, ഇലക്ട്രോണിക്സ്, ഫാർമസ്യൂട്ടിക്കൽസ്, ഹെൽത്ത് കെയർ തുടങ്ങിയ വിവിധ മേഖലകളിലായാണ് സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നത്.

2031- ഓടെ സംസ്ഥാനത്തെ വികസിത പദവിയിലേക്ക് എത്തിക്കാൻ ലക്ഷ്യമിട്ടുള്ള പുതിയ വ്യവസായ വികസന നയരേഖ, രാജ്യത്തെ മുൻനിര വ്യവസായ കേന്ദ്രമായി കേരളത്തെ മാറ്റാൻ ലക്ഷ്യമിട്ടുള്ള സമഗ്രമായ പദ്ധതികൾ അടങ്ങിയതാണ്. ഇത് സംസ്ഥാനത്തുടനീളം ബൃഹദ് പദ്ധതികൾക്ക് രൂപം നൽകുന്നു. നയരേഖയുടെ അടിസ്ഥാനത്തിൽ വിഴിഞ്ഞം തുറമുഖ മേഖലയുടെ സാധ്യതകൾ ഉപയോഗിച്ച് 1,700 ഏക്കറിൽ വിഴിഞ്ഞം- കൊല്ലം-പുനലൂർ കോറി ഡോർ സ്ഥാപിക്കും. ഉന്നത സാങ്കേതിക വിദ്യയുടെ ആഗോള ഹബ്ബാക്കി മാറ്റുന്നതിന് 200 ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ സ്ഥാപിക്കാനും കൊച്ചി-ബംഗളൂരു ഇടനാഴിയുടെ ഭാഗമായി 358 ഏക്കറിൽ വരുന്ന കൊച്ചി ഗ്ലോബൽ സിറ്റി പ്രോജക്ട് യാഥ്യാർഥ്യമാക്കാനും പദ്ധതി ലക്ഷ്യമിടുന്നു. ഇതുവഴി 1.20 ലക്ഷം നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും.

ഭാവിയിലെ വ്യാവസായിക ആവശ്യങ്ങൾക്കായി യുവജനങ്ങളെ സജ്ജരാക്കാൻ പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നൈപുണ്യ വികസന സംരംഭക സർവകലാശാല സ്ഥാപിക്കാനും പദ്ധതിയുണ്ട്. കൂടാതെ, തിരുവനന്തപുരത്ത് എയ്റോ ഡിഫൻസ് ക്ലസ്റ്റർ, മലബാർ മേഖലയിൽ ബയോടെക്നോളജി, ലൈഫ് സയൻസസ്, ഇലക്ട്രോണിക്സ് ക്ലസ്റ്ററുകൾ, കൊല്ലത്ത് മെഗാ ഭക്ഷ്യ സംസ്കരണ പാർക്ക്, പാലക്കാട് ഗ്രഫീൻ അറോറ പാർക്ക്, കൊച്ചിയിലും തിരുവനന്തപുരത്തും ഗ്രീൻ ഹൈഡ്രജൻ പദ്ധതികൾ എന്നിവയും ഈ നയരേഖ വിഭാവനം ചെയ്യുന്നു.

നിക്ഷേപക സംഗമത്തിൽ ഒപ്പുവെച്ച താൽപര്യ പത്രങ്ങൾ കരാറായി മാറുന്നതിനും പദ്ധതികൾ അതിവേഗം യാഥാർഥ്യമാകുന്നതിനും സംസ്ഥാനം ഇപ്പോൾ സാക്ഷിയാകുകയാണ്.കേരളം ഇന്ന് നിക്ഷേപകരെ സ്വാഗതം ചെയ്യുന്ന, ചുവപ്പ് നാടകൾ അഴിച്ചുമാറ്റുന്ന പുരോഗതി കൈവരിക്കുന്ന ഇടമായി മാറിക്കൊണ്ടിരിക്കുന്നു. ഈ വേഗത നിലനിർത്തി, വിഷൻ 2031 യാഥാർത്ഥ്യമാക്കാനായാൽ, കേരളം ഇന്ത്യയുടെ വ്യാവസായിക ഭൂപടത്തിൽ സുപ്രധാന സ്ഥാനം നേടുമെന്നതിൽ സംശയമില്ല. പ്രഖ്യാപനങ്ങൾ പദ്ധതികളായി മാറി, ആ പദ്ധതികൾ നിർമ്മാണ ഘട്ടത്തിലേക്ക് കുതിക്കുമ്പോൾ, സംസ്ഥാനത്തിന്റെ സാമ്പത്തിക ഭാവിയും കൂടുതൽ പ്രതീക്ഷാഭരിതമാകുന്നു.

**കെ. എസ് . ഐ. ഡി. സി**

ARRIKAR

PAVIZHAM

nature's goodness.

# കേരളത്തിന്റെ ഭക്ഷണ കലവറ




**Pavizham Healthier Diets Pvt Ltd.**

www.pavizhamrice.com
info@pavizhamrice.com

96 3302 1433

pavizhamrice
pavizham_rice

KSSIA
THE KERALA STATE SMALL INDUSTRIES ASSOCIATION

KSSIA
THE KERALA STATE SMALL INDUSTRIES ASSOCIATION
[KSSF]

സഹ വ്യവസായിയുടെ
കുടുംബത്തെ സഹായിക്കാൻ
നമുക്ക് ഒന്നിച്ച് കൈകോർക്കാം.

# കെ. എസ്. എസ്. ഐ. എ

## സോഷ്യൽ സെക്യൂരിറ്റി ഫണ്ട് ട്രസ്റ്റ്

**KSSIA** യിലെ അംഗങ്ങളുടെ സുരക്ഷയ്ക്ക് വേണ്ടി ആരംഭിച്ച പദ്ധതിയാണ് **KSSIA** സോഷ്യൽ സെക്യൂരിറ്റി ഫണ്ട് സ്കീം **(KSSF)**. ഈ പദ്ധതിയിൽ ചേർന്ന അംഗങ്ങൾക്ക് മരണം സംഭവിക്കുകയാണ് എങ്കിൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കോ, നോമിനി ആയിട്ടുള്ളവർക്കോ 10 ലക്ഷം രൂപ മരണാനന്തരസഹായം നൽകുന്നു. അതേപോലെ മരണകാരണമാകുന്ന അസുഖങ്ങൾക്ക് ( ബൈലോ അനുശാസിക്കുന്ന പ്രകാരം) 2 ലക്ഷം രൂപ വരെ നൽകുന്നു. കൂടാതെ ഈ സ്കീമിൽ ചേർന്നിട്ടുള്ള അംഗങ്ങൾക്ക് 70 വയസ്സ് കാലാവധി പൂർത്തീകരിച്ചാൽ റിട്ടയർമെന്റ് ആനുകൂല്യവും നൽകുന്നതാണ്. ഈ പദ്ധതി ആരംഭിച്ച് ഇതുവരെ 77 അംഗങ്ങളുടെ കുടുംബത്തിന് 7,13, 36,04/ രൂപയും, ചികിത്സാസഹായം ആയി 147 അംഗങ്ങൾക്ക് 1,41,43,798/ രൂപയും,റിട്ടയേർമെന്റ് ഇനത്തിൽ 193 അംഗങ്ങൾക്ക് 35,78,605/ രൂപയും നൽകുകയുണ്ടായി. അംഗങ്ങളിൽ നിന്ന് കോർപ്പസ് ഫണ്ടായി പിരിച്ചെടുത്ത തുകയിൽ നിന്നും 8,90,59,107/വിതരണം ചെയ്തു.

### ഈ പദ്ധതിയിൽ അംഗത്വം എടുക്കാൻ ഉള്ള നിബന്ധനകൾ.

1. KSSIA അംഗത്വം ഉണ്ടായിരിക്കണം
2. പ്രായപരിധി 18 വയസ്സ് മുതൽ 65 വയസ്സു വരെ (* നിബന്ധനകൾക്ക് വിധേയം)
3. **MSME UDHYAM** രജിസ്ട്രേഷൻ ഉണ്ടായിരിക്കണം
4. ഉൽപാദന യൂണിറ്റ് (പ്രവർത്തിക്കുന്ന) ഉണ്ടായിരിക്കണം)
5. യൂണിറ്റ് നടത്തുന്ന വ്യക്തിക്കും അവരുടെ പങ്കാളിക്കും, 18 വയസ്സ് കഴിഞ്ഞ കുട്ടികൾക്കും അംഗത്വം എടുക്കാവുന്നതാണ്.
6. അംഗത്വ ഫീസ് 15, 500 / ആണ്.
7. കൃത്യമായി റിന്യൂവൽ ഫീസ് (കോർപ്പസ് ഫണ്ട്) അടയ്ക്കേണ്ടതാണ്. എല്ലാ രണ്ടുവർഷം കൂടുമ്പോഴും കെ എസ് ഇ ബി / ജി എസ് ടി റിട്ടേൺ ഫയൽ ചെയ്തതിന്റെ കോപ്പി ഇവ

നമ്മുടെ ഒരു വ്യവസായ സുഹൃത്തിനെ സഹായിക്കുന്ന ഈ പദ്ധതിയിൽ അംഗത്വം എടുക്കുവാൻ നാം ഓരോരുത്തരും സന്നദ്ധരാവുക തന്നെ വേണം. നമ്മൾ വ്യവസായികൾ ധാരാളം പണം മറ്റു പല കാര്യങ്ങൾക്കും ചെലവഴിക്കുന്നവരാണ്. നമ്മുടെ വ്യവസായ സുഹൃത്തിന്റെ കുടുംബത്തിന് സഹായിക്കാനുള്ള സന്മനസ്സ് ഉണ്ടാകണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു .



KSSIA
[KSSF]

Regd. Office: KSSIA, Building No. X/26 A, HMT Ancillary Industrial Estate,
HMT Road, HMT Colony P.O., Kalamassery - 683 503, Ernakulam District.
8129368484 kssftrust@gmail.com www.kssia.com www.kssf.in

കെ. എസ്. എസ്. ഐ. എ സോഷ്യൽ സെക്യൂരിറ്റി ഫണ്ട് ട്രസ്റ്റ്

| | | | | |
|---|---|---|---|---|
| **M. Khalid** | **K. T. Subash Narayanan** | **Len philip** | **P. Devadas** | **Morly Joseph** |
| Chairman | Vice chairman | Convenor | Joint Convenor | Treasurer |
| Mob. 9847007770. | Mob. 9447488528. | Mob. 9847070542. | Mob. 9447394934. | Mob.9446548454. |


പാദങ്ങൾക്കുമുണ്ട്
മോഹങ്ങൾ
Art no: 6071
Art no: 2503
Art no: 2015
Art no: 794
LUNAR'S®
Art No: 151
Delux Blue
ALWAYS
A STRIDE
AHEAD
ORTHO
SOFT
www.lunars.com



# ഗ്രൂപ്പ് ഗ്രാറ്റുവിറ്റി ഇൻഷുറൻസ് പദ്ധതി



വിശ്വനാഥൻ ഒടാട്ട്

ഗ്രാറ്റുവിറ്റി എന്ന തൊഴിൽവേതനാനുകൂല്യം 1972 ലെ ഗ്രാറ്റുവിറ്റി നിയമപ്രകാരം എല്ലാ തൊഴിലുടമകളുടെയും നിയമപരമായ ബാധ്യത ആണെന്ന് അറിവുള്ളതാണല്ലോ. അഞ്ചു വർഷമെങ്കിലും പൂർത്തിയാക്കിയ ഒരു ജീവനക്കാരൻ തൊഴിലിൽ നിന്നും രാജിവയ്ക്കുകയോ റിട്ടയർ ചെയ്യുന്ന പക്ഷം തൊഴിൽ സ്ഥാപനത്തിൽ നിന്നും ഗ്രാറ്റുവിറ്റി ലഭിക്കുന്നതിന് നിയമപരമായ അർഹതയുണ്ട്. തൊഴിലിൽ ഇരിക്കുമ്പോൾ നിർഭാഗ്യവശാൽ മരണം സംഭവിക്കുകയാണെങ്കിൽ 5 വർഷം സർവ്വീസ് എന്ന മാനദണ്ഡം ഗ്രാറ്റുവിറ്റി ലഭിക്കുന്നതിന് ബാധകവുമല്ല. സ്ഥാപനത്തിന്റെ ഗ്രാറ്റുവിറ്റി മാനേജ്മെന്റ് നടപ്പാക്കുന്നത് കൊണ്ടുള്ള പ്രയോജനങ്ങൾ പരിശോധിക്കാം.

1. തൊഴിൽ സ്ഥാപനത്തിന്റെ ഗ്രാറ്റുവിറ്റി ബാദ്ധ്യത ശാസ്ത്രീയമായ രീതിയിൽ കണക്കാക്കി അറിയിക്കുകയും, സ്ഥാപനം ഇൻഷുറൻസ് കമ്പനിയിൽ നിക്ഷേപിക്കുന്ന ഗ്രാറ്റുവിറ്റി തുക നിയമാനുസൃതമായ ഫണ്ട് മാനേജ്മെന്റിന് വിധേയമാക്കുകയുംചെയ്യുന്നു.

2. ഗ്രാറ്റുവിറ്റി ക്രമാനുഗതമായി വളരുന്ന ബാദ്ധ്യത ആയതിനാൽ വളരുന്നതിന് അനുസരിച്ച് ഗ്രാറ്റുവിറ്റി ശാസ്ത്രീയമായി കണക്കാക്കി നീക്കിയിരിപ്പ് സൃഷ്ടിക്കേണ്ടത് സ്ഥാപനത്തിന് അത്യന്താപേക്ഷിതമാണ്. കൂടാതെ നിലവിലുള്ള അക്കൗണ്ടിംഗ് മാനദണ്ഡങ്ങൾ പ്രകാരം, ഗ്രാറ്റുവിറ്റി ബാദ്ധ്യതയുടെ അക്ച്യൂറിയൽ വാലുവേഷൻ നടത്തി സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റിൽ വകയിരുത്തേണ്ടതുമാണ്.

3. കണക്കാക്കപ്പെട്ട ഗ്രാറ്റുവിറ്റി ബാദ്ധ്യത ഒരുമിച്ചോ തവണകളായോ അടയ്ക്കാനുള്ള സൗകര്യം നൽകുന്നു.

4. ഗ്രാറ്റുവിറ്റി ഫണ്ട് മാനേജ് ചെയ്യുന്നതിന് ഇൻഷുറൻസ് കമ്പനിയുടെ യാതൊരുവിധ ഫണ്ട് മാനേജ്മെന്റ്ചാർജ്ജും ഈടാക്കുന്നില്ല.

5.തൊഴിലുടമ ഗ്രാറ്റുവിറ്റി പദ്ധതിയിലേക്ക് ഫണ്ട് ചെയ്യുന്ന തുകയ്ക്ക് പൂർണ്ണമായും ആദായനികുതി ഇളവ് ലഭിക്കുന്നതാണ്.

6.തൊഴിലുടമയുടെ ഗ്രാറ്റുവിറ്റിഅക്കൗണ്ടിന് ആകർഷകമായ പലിശ ലഭിക്കുന്നു എന്നു മാത്രമല്ല ഈ പലിശ പൂർണ്ണമായും ആദായനികുതി വിമുക്തവുമാണ്.

7. ജീവനക്കാരൻ വിരമിക്കുകയോ, രാജിവെയ്ക്കുകയോ ചെയ്യുന്ന പക്ഷം ജീവനക്കാരന് അർഹമായ ഗ്രാറ്റുവിറ്റി തുക തൊഴിലുടമയുടെ/സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ഇൻഷുറൻസ് കമ്പനി ട്രാൻസ്ഫർ ചെയ്യുകയും സ്ഥാപനം ജീവനക്കാരന് ഗ്രാറ്റുവിറ്റി തുക നൽകുകയും ചെയ്യുന്നു.

8. നിർഭാഗ്യവശാൽ തൊഴിലാളിക്ക് സർവ്വീസ് കാലാവധിയിൽ മരണം സംഭവിച്ചാൽ അദ്ദേഹത്തിന്റെ ഭാവിസർവ്വീസ് കാലാവധിക്കുള്ള ഗ്രാറ്റുവിറ്റികൂടി ഇൻഷുറൻസ് പരിരക്ഷയായിലഭിക്കുന്നു.

9. യോഗ്യതയും നൈപുണ്യവുമുള്ള ജീവനക്കാരെ ആകർഷിക്കുവാനും സ്ഥാപനത്തിൽ ദീർഘ കാലം തൊഴിൽ ചെയ്യുന്നതിന് പ്രചോദിപ്പിക്കുവാനും പുരോഗമനോന്മുഖരായ തൊഴിൽ ദാതാക്കൾ അനുവർത്തിക്കുന്ന തൊഴിലാളി ക്ഷേമ പദ്ധതികളിൽ സുപ്രധാനമാണ് ഇൻഷുറൻസ് കമ്പനി മുഖാന്തിരമുള്ള പ്രൊഫഷണൽ ഗ്രാറ്റുവിറ്റി മാനേജ്മെന്റ്.

ചുരുക്കത്തിൽ സൗജന്യവും ശാസ്ത്രീയവുമായ ഗ്രാറ്റുവിറ്റി ഫണ്ട് മാനേജ്മെന്റ് സൗകര്യം,ജീവനക്കാരുടെ ക്ഷേമം, ഉന്നതമായ ഇൻഷുറൻസ് പരിരക്ഷ, ഗ്രാറ്റുവിറ്റി ഫണ്ടിന്മേലുള്ള ഉയർന്ന ആദായ നിരക്ക്, ആകർഷകമായ ഇൻകംടാക്സ് ഇളവുകൾ എന്നീ സവിശേഷതകൾ ഈ സ്കീം നടപ്പിലാക്കുന്നതിലൂടെ സ്ഥാപനത്തിന് ലഭ്യമാകുന്നു.കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.

**വിശ്വനാഥൻ ഒടാട്ട്**
മാനേജിംഗ് ഡയറക്ടർ,
എയിംസ് ഇൻഷൂറൻസ്
ബ്രോക്കിംങ് പ്രൈവറ്റ്ലിമിറ്റഡ്.
ഫോൺ:9895768333
odatt@aimsinsurance.in

# ജില്ലാ വാർത്തകൾ

## കണ്ണൂർ ജില്ലയുടെ വാർഷിക പൊതു യോഗത്തിൽ




സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ പങ്കെടുത്ത് മുഖ്യപ്രഭാഷണം നടത്തുന്നു

## കെ. എസ്. എസ്. ഐ. എ യും വ്യവസായ വകുപ്പും കൂട്ടായി മുന്നോട്ട്



പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേമ്പറിൽ കൂടിയ യോഗത്തിൽ ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയും, വ്യവസായി മഹാസംഗമവും നടക്കുന്നതിനോട് അനുബന്ധിച്ച് ഗവൺമെന്റിന്റെ പങ്കാളിത്തം ഉറപ്പുവരുത്തി കൊണ്ടുള്ള സംയുക്ത മീറ്റിംഗിൽ സംസ്ഥാന പ്രസിഡണ്ട് ശ്രീ എ നിസാറുദ്ദീൻ പങ്കെടുക്കുന്നു.

## തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ



കേരള പിറവി ദിനത്തിൽ വച്ച് നടന്ന കേരം ജീവജലം എന്ന പദ്ധതിക്ക് ശ്രീ പി രാജീവ് വ്യവസായിക മന്ത്രി നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. തുടർന്ന് നടന്ന ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ് ശ്രീ. എ നിസാറുദ്ദീൻ അവർകളുടെ ആശംസ പ്രസംഗവും ഉണ്ടായിരുന്നു

## എറണാകുളം ഗ്രാൻഡ് ഹോട്ടലിൽ




ഇന്ത്യ ഇന്റർനാഷണൽ എക്സ്പോയുടെയും മഹാ വ്യവസായ സംഗമത്തിന്റെയും ഭാഗമായി എറണാകുളം ഗ്രാൻഡ് ഹോട്ടലിൽ വച്ച് 2025 നവംബർ 26-ാം തീയതി പത്രസമ്മേളനം നടത്തുകയുണ്ടായി. പ്രസ്തുത സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് ശ്രീ എ നിസാറുദ്ദീൻ അവർകളും, **KSSIA** യുടെയും, **IIIE** യുടെയും ഭാരവാഹികൾ പങ്കെടുക്കുന്നു.

## കൊല്ലം ജില്ലാ കളക്ടറുടെ ചേമ്പറിൽ



ബഹു. ധനകാര്യ വകുപ്പ് മന്ത്രി. കെ. എൻ. ബാലഗോപാൽ അവർകളുടെ അധ്യക്ഷതയിൽ നടന്ന ജില്ലാതല തൊഴിൽ ദാതാക്കളുടെ സംഗമം പരിപാടിയിൽ സംസ്ഥാന പ്രസിഡന്റ് ശ്രീ.എ നിസാറുദീൻ അവർകളും മുൻ ജില്ലാ പ്രസിഡന്റ് ശ്രീ ലെൻ ഫിലിപ്പ്, ജില്ലാ ട്രഷറർ ശ്രീ. ബിജു ബഷീർ, ജില്ലാ കമ്മിറ്റി മെമ്പർ ശ്രീ. ദേവേന്ദ്രൻ കൊല്ലം development പ്ലോട്ടിൽ നിന്നും ശ്രീ വിശ്വം (അറപ്പുരക്കൽ ഇൻഡസ്ട്രിസ്) കെ. എസ്. എസ്. ഐ. എ അംഗങ്ങളായ പ്രവീൺ.എസ് ദേവ് (ദേവ് snacks) ശിവൻകുട്ടി (എൻ. കെ സൗമിൽസ്)എന്നിവർ പങ്കെടുത്തു

## എറണാകുളം അംഗമാലി അഡ്‌ലസ് കൺവെൻഷൻ സെന്ററിൽ



KSSIA ഉം Metro Mart ഉം സംയുക്തമായി 2026 ജനുവരി 16,17,18 തീയതികളിൽ എറണാകുളം അംഗമാലി അഡ്‌ലസ് കൺവെൻഷൻ സെന്ററിൽ വച്ച് നടക്കുന്ന എക്സിബിഷ നോടാനുബന്ധിച്ച് 17 തിയതിയിൽ നടക്കുന്ന വ്യവസായ മഹാ സംഗമത്തിൽ 14 ജില്ലകളിൽ നിന്നും വ്യവസായികളെ പങ്കെടുപ്പിക്കുന്നതിന്റെ ഭാഗമായി KSRTC യുടെ നൂറോളം വോൾവോ ബസ്സുകൾ മിതമായ നിരക്കിൽ അനുവദിക്ക ണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദീൻ അവർകൾ KSRTC മാനേജിങ് ഡയറക്ടർ **Dr. Pramod Sankar IOFS** അവർകൾക്ക് നിവേദനം കൊടുക്കു കയും ചർച്ച നടത്തുകയും ചെയ്യുന്നു.

## കോഴിക്കോട് കല്ലായി ലാൻഡ് സംബന്ധമായ നിവേദനം



റവന്യൂ സെക്രട്ടറി ശ്രീ. രാജമാണിക്യം ഐ എ എസിന് കോഴിക്കോട് കല്ലായി ലാൻഡ് സംബന്ധമായ നിവേദനം കെ എസ് എസ് ഐ എ സംസ്ഥാന പ്രസിഡന്റ് ശ്രീ. എ നിസാറുദ്ദീൻ അവർകൾക്കൊപ്പം കോഴിക്കോട് പ്രസിഡന്റ് ശ്രീ.ഇസ്ഹാക്കും ചേർന്ന് സമർപ്പിക്കുന്നു.






## എറണാകുളം ഹോളിഡെയ്‌ൻ ഹോട്ടലിൽ




നവംബർ 21ന് Economic Times സംഘടിപ്പിച്ച MSME കോക്ലേവിൽ സംസ്ഥാന ട്രഷറർ ശ്രീ.ബി. ജയകൃഷ്ണൻ പങ്കെടുത്തു.

## ട്രിവാൻഡ്രം റീജണൽ ഓഫീസിൽ




സംസ്ഥാന പ്രസിഡന്റ് ശ്രീ എ നിസാറുദ്ദീൻ അവർകളുടെ അധ്യക്ഷതയിൽ കെ എസ്എസ് ഐ എയും മെട്രോമാർട്ടും ചേർന്ന് സംഘടിപ്പിച്ച മീറ്റിംഗ് നടന്നു.

## തിരുവനന്തപുരത്തെ അക്കൗണ്ട് ജനറലിന്റെ ഓഫീസിൽ



2025 നവംബർ 21 ന് തിരുവനന്തപുരത്തെ അക്കൗണ്ട് ജനറലിന്റെ ഓഫീസിൽ വച്ച് ഈസ് ഓഫ് ഡുയിംഗ് ബിസിനസിന്റെ ഭാഗമായി Controller and Auditor General സംഘടിപ്പിച്ച സെക്ഷനിൽ സംസ്ഥാന പ്രസിഡന്റ് ശ്രീ. എ നിസാറുദീൻ അവർകൾ പങ്കെടുത്തുകൊണ്ട് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്കുവെക്കുന്നു

METRO MEDIA

# PULSE OF THE TRADE




READ & SUBSCRIBE




Mob: +91 9947733339, +91 9995139933 | Email: metromart.tvm@gmail.com | www.metromagazines.com

www.metromartdaily.com www.eklines.com www.metroexpedition.com www.themachinemaker.com


കാട്ടു പന്നികളിൽ നിന്നും
വന്യ മൃഗങ്ങളിൽ നിന്നും
നോട്ടഡ് ഫെൻസിംഗിലൂടെ
മികവുറ്റ സംരക്ഷണം
MODERN
DISTROPOLIS
Authorized Distributor
Modern Distropolis Ltd
AP IX/78B Modern Industrial Complex Cheppur
Anakkayam P.O. Malappuram (DT) 676509
www.moderndistropolis.com
Ph: 0483-2782354 | Mob : +91 9388 476 400
TATA WIRON
#StrengtheningTomorrow

KSSIA NEWS Journal of The Kerala State Small Industries Association





Publisher **A.Nizarudeen** and Printer Rajesh G. on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94477 10078, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.